ഭരണവകുപ്പുകൾ ഉൾപ്പെടെ 23 വകുപ്പുകളിൽ ഇത്തരത്തിൽ പഠനം പൂർത്തിയാക്കുകയും 20 എണ്ണത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. നിലവിൽ 9 വകുപ്പുകളുടെ പഠനം നടന്നുവരുന്നു.

(സി&ഡി) പ്രവൃത്തിപഠനത്തിൽ ജോലിഭാരം അധികമാണെന്ന് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനോ, ജോലിഭാരം ലഘൂകരിക്കുന്നതിനോ, ആവശ്യമായ നിർദ്ദേശങ്ങളും, ശിപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്താറുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്.

മന്ത്രിസഭാതീരുമാനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി

24 (3527) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാ തീരുമാനം വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്നവർക്ക് നല്കുന്നതിന് തടസ്സമുണ്ടോ ; വ്യവസ്ഥകൾ വിശദമാക്കുമോ ;

(ബി) സംസ്ഥാന വിവരാവകാശ കമ്മീഷൻ പ്രസ്തുത വിഷയം സംബന്ധിച്ച നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ ;

(സി) മന്ത്രിസഭാ തീരുമാനം പൊതുജനങ്ങളിൽ നിന്ന് മറച്ചുവയ്ക്കപ്പെടുന്നുണ്ടോ; അതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ;

(ഡി) മന്ത്രിസഭാ തീരുമാനങ്ങളും സർക്കാർ ഉത്തരവുകളും യഥാസമയം വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ഇ) എങ്കിൽ സർക്കാർ ഉത്തരവുകൾ അപ്രകാരം പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) 2005-ലെ വിവരാവകാശ നിയമം 8(1) (i) വകുപ്പ് വ്യവസ്ഥ ചെയ്യുന്ന പ്രകാരമാണ് മന്ത്രിസഭാതീരുമാനത്തിന്റെ വിവരം/രേഖ ലഭ്യമാക്കുന്നത്. മന്ത്രിസഭയുടെ തീരുമാനങ്ങളും അവയ്ക്കുള്ള കാരണങ്ങളും ആ തീരുമാനങ്ങളെടുക്കുന്നതിന് ഉപോൽബലകങ്ങളായ വസ്തുതകളെയും തീരുമാനമെടുത്തശേഷം കാര്യം പൂർത്തിയാക്കിയതിനോ കഴിഞ്ഞതിനോ ശേഷവും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി-ഇ) മന്ത്രിസഭാതീരുമാനങ്ങൾ മുഖ്യമന്ത്രിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സർക്കാർ ഉത്തരവുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ലഭിക്കുന്ന അന്ന് തന്നെ www.kerala.gov.in വൈബ്സൈറ്റിൽ GO's എന്ന വിഭാഗത്തിൽ അപ്ലോഡ് ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത വകുപ്പ് ആരംഭിച്ച ഓൺലൈൻ ന്യൂസ് പോർട്ടലിൽ (kerala.news.gov.in) ഒരു segment ആയി Cabinet brief എന്ന heading-ൽ മന്ത്രിസഭാ തീരുമാനങ്ങൾ നൽകിവരുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി

25 (3528) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ ഘട്ടങ്ങളിലായി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്,വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക സഹായത്തിനുള്ള ഉത്തരവ് ഇറങ്ങിയിട്ടും പണം ഇതുവരെ പൂർണ്ണമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഇനത്തിൽ ജില്ലയിൽ എത്ര രൂപ നൽകാനുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മൂന്നു ഘട്ടങ്ങളിലായി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നാളിതുവരെ 11,201 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1,01,40,500 രൂപ (ഒരു കോടി ഒരു ലക്ഷത്തി നാൽപ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) നൽകാനുണ്ട്.

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി പുതിയ സെക്ഷൻ

26 (3529) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരുടെയും മെഡിക്കൽ-റീ-ഇംബേഴ്സ്മെന്റ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി സെക്രട്ടേറിയറ്റിൽ ഒരു സെക്ഷൻ മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly